# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *84 — 10.02.2016 -ൽ മറുപടിക്ക്

## കുട്ടികളിലെ വൃക്കരോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. വി. എസ്. സുനിൽ കുമാർ :<br>,, ചിറ്റയം ഗോപകുമാർ :<br>ശ്രീമതി. ഇ. എസ്. ബിജിമോൾ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുട്ടികളുടെ ഇടയിൽ വൃക്കരോഗം വ്യാപകമാകുന്നതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) | സംസ്ഥാനത്ത് കുട്ടികളുടെ ഇടയിൽ വൃക്കരോഗം വ്യാപകമാകുന്നതു സംബന്ധിച്ച് ആരോഗ്യവകുപ്പ് പഠനം നടത്തിയിട്ടില്ല. |
| (ബി) | ഇത്തരത്തിൽ വൃക്കരോഗം വ്യാപകമാകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ; | (ബി) | തുടർച്ചയായുള്ള യൂറിനറി ട്രാക്ട് ഇൻഫെക്ഷൻ, മൂത്രാശയ നാളിയിൽ ജന്മനാ ഉള്ള കുഴപ്പങ്ങൾ, ഗ്ലോമറുലോ നെഫ്രിറ്റിസ്, നെഫ്റോട്ടിക് സിൻഡ്രോം എന്നിവയാണ് കുട്ടികളുടെ ഇടയിൽ വൃക്കരോഗം ഉണ്ടാക്കുന്നത്. |
| (സി) | വൃക്കരോഗങ്ങളെ പ്രതിരോധിക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | കുട്ടികളിലെ വൃക്കരോഗം പ്രതിരോധിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. മുതിർന്നവരുടെ വൃക്കരോഗം അനിയന്ത്രിതമായ രക്താതി സമ്മർദ്ദം, പ്രമേഹം എന്നീ അസുഖങ്ങൾ മൂലമാണ്. ഈ അസുഖങ്ങൾ നിയന്ത്രിക്കാൻ സംസ്ഥാനത്തൊട്ടാകെ എൻ.സി.ഡി. ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ